# വചന വിചിന്തനം

## കൈത്താക്കാലം രണ്ടാം ഞായർ

### ലൂക്കാ 15,11-32

**"വീണതിനെ ഓർത്തല്ല, മറിച്ച്, വീണ്ടും കേൾക്കാതെ പോയ ദൈവസ്വരത്തെ ഓർത്താണ് നാം കണ്ണുനീർ പൊഴിക്കേണ്ടത്!"**

"കുറവുകളുള്ളതിനെ കൂടുതൽ സ്നേഹിക്കാനാകുമോ?" കൈത്താക്കാലത്തിലെ രണ്ടാമത്തെ ഞായറാഴ്ച്ച നഷ്ടപ്പെട്ട 'ധൂർത്ത പുത്രന്റെ ഉപമ' മുന്നിൽ വച്ചുകൊണ്ട് ക്രിസ്തു ചോദിക്കുന്ന ഏകചോദ്യം. ഫലം കൊയ്യുന്ന കാലഘട്ടത്തെയാണ് 'കൈത്താക്കാലം' ഓർമ്മപ്പെടുത്തുന്നതെങ്കിൽ, ജീവിതംകൊണ്ട് നല്ല ഫലം കൊയ്യാൻ ക്രിസ്തു തരുന്ന സൂത്രവാക്യം "കുറവുകളറിഞ്ഞ് കൂടുതൽ സ്നേഹിക്കുക" എന്നതാണ്.

പത്രോസിനെ കുറിച്ച് ഒരു സംഭവ കഥയുണ്ട്. ഇതിന്റെ പേര് 'ക്വോ വാദീസ്' എന്നാണ്. മലയാളത്തിൽ ഇതിനെ 'നീ എങ്ങോട്ട് പോകുന്നു' എന്ന് പറയാം. ക്രിസ്തുവിന്റെ മരണത്തിനു ശേഷം മിശിഹാനുഭവം സ്വന്തമാക്കിയവർലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ദൈവവചനം പ്രസംഗിച്ചു. ഇതിൽ അമർഷം പൂണ്ട റോമക്കാർ, റോമിൽ മതമർദനം ആരംഭിച്ചു. ഇതിൽ ഭയപ്പെട്ട പത്രോസ്, സ്വർഗ്ഗത്തിന്റെ താക്കോൽ കൂട്ടം കൈകളിലുള്ള പത്രോസ്, ആദ്യത്തെ മാർപാപ്പയായ പത്രോസ് രാത്രിയിൽ ആരും കാണാതെ റോമിൽ നിന്ന് ഒളിച്ച് പോരുകയാണ്. രാത്രിയ്ക്ക് രാത്രി പത്രോസ് റോമിൽ നിന്ന് പുറത്തേയ്ക്ക് ഒളിച്ച് കടക്കുമ്പോൾ ഒരാൾ കുരിശും വഹിച്ച് റോമിലോട്ട് യാത്ര ചെയ്യുകയാണ്. അദ്ദേഹം, പത്രോസിന്റെ അടുത്തെത്തുമ്പോൾ ചോദിക്കുകയാണ്, "ക്വോ വാദിസ്, നീ എങ്ങോട്ട് പോകുന്നു?" പത്രോസ് മറുപടി പറഞ്ഞു, "താങ്കൾ ഈ നാട്ടുക്കാരനല്ലേ! ഈ ദിവസങ്ങളിൽ ഇവിടെ നടക്കുന്നതൊന്നും താങ്കൾ അറിയുന്നില്ലേ? ക്രിസ്ത്യാനികൾക്കെതിരെ അതിശക്തമായ രീതിയിൽ മതമർദ്ദനം നടക്കുന്നതൊന്നും താങ്കൾ അറിയുന്നില്ലേ? ഞാൻ അതിൽ നിന്നും രക്ഷപ്പെട്ട് റോമിൽ നിന്ന് പുറത്തേയ്ക്ക് ചാടുകയാണ്."

ഇടയന്റെ തോളിലേറി ആലയിൽ തിരിച്ചെത്തിയ ശേഷം നഷ്ടപ്പെട്ടുപോയ ആട് പിന്നീടൊരിക്കലും ഇടയന്റെ കണ്ണുവെട്ടിച്ച് അകലുന്നതിനെ കുറിച്ച് ചിന്തിച്ചിട്ടു പോലുമുണ്ടാകില്ല. ക്രിസ്തുവിന്റെ കരുണ, സ്നേഹം അനുഭവിച്ചറിഞ്ഞവന് അവനെ തള്ളിപ്പറയാൻ സാധിക്കില്ല.

ഇത്രയും പറഞ്ഞിട്ട് അയ്യാളോട് പത്രോസ് ചോദിച്ചു, "താങ്കൾ എവിടേയ്ക്കാണ് പോകുന്നതെന്ന്?"

അതിന്, അപരിചിതനായ അയ്യാൾ പറഞ്ഞ മറുപടി ഇങ്ങനെയാണ്, "നീ മർദനങ്ങളിൽ നിന്ന് രക്ഷപ്പെടാൻ റോമിൽ നിന്ന് ഒളിച്ചോടിക്കൊള്ളുക! എങ്കിലും, നിനക്ക് വേണ്ടി വേദനകൾ ഏറ്റെടുക്കാനും പടയാളികളാൽ ക്രൂശിക്കപ്പെടാനും നിനക്ക് വേണ്ടി മരിക്കാനും ഞാൻ ഇപ്പോഴും തയ്യാറാണ്!"

ചരിത്രം സാക്ഷ്യപ്പെടുത്തുന്നത്, ക്രിസ്തുവിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞ പത്രോസ് റോമിലേയ്ക്ക് തിരിച്ച് പോവുകയും ക്രിസ്തുവിനെ പോലെ മരിക്കാൻപോലും യോഗ്യതയില്ല എന്നു പറഞ്ഞ് തല കീഴായി ക്രൂശിലേറ്റപ്പെടുകയും ചെയ്തുവെന്നാണ്. കൂട്ടം തെറ്റി പോകുന്നതിന്റെ പുറകെ 'നീ എന്നെ മറന്നാലും നിന്നെ എനിക്ക് മറക്കാൻ സാധിക്കില്ല' എന്നു പറഞ്ഞ് പോകുന്ന ക്രിസ്തു. അതുകൊണ്ട് തന്നെയാണ് യജമാനൻ ബാക്കി വന്ന 99 നേയും കാട്ടിൽ അലയാൻ വിട്ടിട്ട് നഷ്ടപ്പെട്ട ഒന്നിനെ തേടി യാത്രയാകുന്നത്. ഇതു തന്നെയാണ് ക്രിസ്തുവിന്റെ ബലഹീനതയും, "കുറവുള്ളതിനെ കൂടുതൽ സ്നേഹിച്ച് പോകുന്നു."

വചനത്തിലൂടെ ഒരു തീർത്ഥയാത്ര നടത്തിയാൽ മനസിലാക്കാം, ദൈവം അധികമായി സ്നേഹിച്ചിട്ടുള്ളത് കുറവുകളുള്ളവരെയാണെന്ന്. ക്രിസ്തുവിനറിയാമായിരുന്നു താൻ വന്നിരിക്കുന്നത് രോഗികൾക്കായാണെന്ന്, ആരോഗ്യമുള്ളവർക്ക് മാത്രമല്ലെന്ന്. അല്ലെങ്കിൽ, ക്രിസ്തു സക്കേവൂസിനെയും തേടി സിക്കമൂർ മരത്തിന്റെ ചുവട്ടിലെത്തുമായിരുന്നോ? അവന്റെ ഭവനത്തിൽ ചെന്ന് അവന്റെ സൽക്കാരം സ്വീകരിക്കുമായിരുന്നോ? കുറിയവനായ സക്കേവൂസ് ക്രിസ്തുവിന്റെ സ്നേഹം അനുഭവിച്ചപ്പോൾ പുതിയ മനുഷ്യനായി. ദൈവരാജ്യത്തിൽ എനിക്കും വേണം ഒരു പങ്ക് എന്ന കാഴ്ച്ചയിൽ നിന്ന് ദർശനത്തിലേയ്ക്ക് ഉയർന്നു.

പാപിനിയായ മറിയത്തിനും പറയാനുള്ളത് ഇത് തന്നെയാണ്, 'ക്രിസ്തു കുറവുള്ളവരെ അധികമായി സ്നേഹിക്കുന്നവനാണെന്ന്.' അനുതപിക്കുന്ന ഒരു പാപിയെ കുറിച്ച് തൊണ്ണുറ്റിയൊൻപത് നീതിമാൻമാർ എന്നതിനേക്കാൾ സ്വർഗ്ഗം സന്തോഷിക്കാൻ ക്രിസ്തു ചെയ്തത് അവളെ കുറവുകളറിഞ്ഞ് സ്നേഹിച്ചു എന്നതു മാത്രമാണ്. ഈ സ്നേഹം കിട്ടിയത് കൊണ്ടാണ് കണ്ണുനീര് കൊണ്ട് പാദം കഴുകിയവൾ പിന്നീട് അവന്റെ കനൽ വഴിയിൽ കാവലായ് മാറുന്നതും കുരിശിൻ ചുവട്ടിൽ പിരിയാതെ നിൽക്കുന്നതും നേരം പുലരും മുമ്പേ കല്ലറയിൽ എത്തുന്നതും.

> കുറവുകളറിഞ്ഞ് സ്നേഹിക്കുന്നവന് മാത്രമെ തള്ളിപ്പറയുന്നവനെയും ഒറ്റുക്കാരനാകുന്നവനെയും സ്നേഹിതാ എന്നു വിളിച്ച് പുറകെ ചെല്ലുവാൻ സാധിക്കൂ.

വളരെ പ്രസിദ്ധനായ ഒരു അമേരിക്കൻ നോവലിസ്റ്റും നോബൽ സമ്മാന ജേതാവുമായ ഫോക്കനർ തന്റെ ഒരു അനുഭവം കുറിക്കുന്നുണ്ട്. ഒരിക്കൽ ഒരു യുവാവ് ഇദ്ദേഹത്തെ കാണാൻ എത്തി.

"സാർ ഞാനൊരു നോവലെഴുതിയിട്ടുണ്ട്. സാറിതൊന്നു വായിക്കണം"

തിരക്കിലായിരുന്ന ഫോക്ക്നർ വിനയം വിടാതെ ചോദിച്ചു,

"ഞാൻ വായിക്കണമെന്ന് നിർബന്ധം ഉണ്ടോ?"

യുവാവ് അത് മനസിലാക്കി പറഞ്ഞു,

"അല്ലെങ്കിൽ വേണ്ട, രചനയെക്കുറിച്ചുള്ള ചില ഉപദേശങ്ങൾ തന്നാലും മതി."

ഫോക്ക്നർ അദ്ദേഹത്തിനൊരു ഉപദേശം നൽകി,

''എഴുതുന്നത് എപ്പോഴും മനുഷ്യസ്വഭാവത്തെ കുറിച്ചായിരിക്കണം. മനുഷ്യസ്വഭാവമാണ് ദൈവത്തിൽ നിന്ന് അകലുക എന്നത്. ദൈവസ്വഭാവമാണ് അവനെ പിന്തുടരുക എന്നത്."

കുറവുകളറിഞ്ഞ് സ്നേഹിക്കുന്നവന് മാത്രമെ തള്ളിപ്പറയുന്നവനെയും ഒറ്റുക്കാരനാകുന്നവനെയും സ്നേഹിതാ എന്നു വിളിച്ച് പുറകെ ചെല്ലുവാൻ സാധിക്കൂ. ഇതു തന്നെയാണ് നഷ്ടപ്പെട്ടുപോകുന്ന ആടിനെ അന്വേഷിച്ചിറങ്ങുന്ന ഇടയന്റെയും വാത്സല്യഭാവം. ഈ വത്സല്യഭാവമുള്ള ഇടയനായതുകൊണ്ടാണ് ക്രിസ്തുവിന് തള്ളിപ്പറഞ്ഞവനെ പരാതിയില്ലാതെ പിന്തിരിഞ്ഞ് നോക്കാനും, പിന്നീടവൻ പഴയ വള്ളവും വലയുമെടുത്ത് കൂട്ടുക്കാരെയും കൂട്ടി പഠിച്ചതും പഠിപ്പിച്ചതും മറന്ന് മീൻ പിടിക്കാൻ പോയി തളർന്നിരിക്കുമ്പോൾ 'കുഞ്ഞേ' എന്നു വിളിച്ച് തീരത്ത് അവന് വേണ്ടി പ്രാതൽ ഒരുക്കി കാത്തിരിക്കാനും സാധിച്ചത്.

ഇടയന്റെ തോളിലേറി ആലയിൽ തിരിച്ചെത്തിയ ശേഷം നഷ്ടപ്പെട്ടുപോയ ആട് പിന്നീടൊരിക്കലും ഇടയന്റെ കണ്ണുവെട്ടിച്ച് അകലുന്നതിനെക്കുറിച്ച് ചിന്തിച്ചിട്ടുപോലുമുണ്ടാകില്ല. ക്രിസ്തുവിന്റെ കരുണ, സ്നേഹം അനുഭവിച്ചറിഞ്ഞവന് അവനെ തള്ളിപ്പറയാൻ സാധിക്കില്ല.

പനി വന്ന് തണുത്ത വിറച്ച രാത്രിയിൽ കമ്പിളിയായ് പുതച്ച അമ്മയുടെ സ്നേഹം അനുഭവിച്ചറിഞ്ഞവർക്ക്, അമ്മയെ തള്ളിപ്പറയാനാകുമോ! ആ അമ്മയ്ക്ക് എതിരെ പുറം തിരിഞ്ഞ് നടക്കാനാകുമോ!

വി.ലൂക്കയുടെ സുവിശേഷം 15 –ാം അദ്ധ്യായത്തിൽ വായനക്കാരന് സുവിശേഷകൻ സമ്മാനിക്കുന്നത് മൂന്ന് ഉപമകളാണ്. ഘടനകൾകൊണ്ട് ഈ മൂന്ന് ഉപമകളും

പൊതുസ്വഭാവം സ്വീകരിക്കുന്നുണ്ടെങ്കിലും ഇതിൽ നിന്ന് അൽപം വ്യതിരക്തത കാത്തു സൂക്ഷിക്കുന്നത് ധൂർത്തപുത്രന്റെ ഉപമ മാത്രമാണ്.

1. നഷ്ടപ്പെട്ട ആടിന്റെ ഉപമ (15,1 –7)
   : ആടുകളിലൊന്നിനെ നഷ്ടപ്പെടുന്നു (15.4)
   : കണ്ടുകിട്ടുവോളം അന്വേഷിക്കുന്നു (15,4)
   : കണ്ടെത്തുന്നു (15,5)
   : നഷ്ടപെട്ട ആടിനെ കണ്ടെത്തിയതിന്റെ സന്തോഷം പങ്കുവയ്ക്കുന്നു (15,6)
2. നഷ്ടപ്പെട്ട നാണയത്തിന്റെ ഉപമ (15,8 –10)
   : നാണയം നഷ്ടപ്പെടുന്നു (15,8)
   : കണ്ടുകിട്ടുവോളം അന്വേഷിക്കുന്നു (15,8)
   : കണ്ടെത്തുന്നു (15,9)
   : നഷ്ടപെട്ട നാണയം കണ്ടെത്തിയതിന്റെ സന്തോഷം പങ്കുവയ്ക്കുന്നു (15,9)
3. നഷ്ടപ്പെട്ട പുത്രന്റെ ഉപമ (15,11 –32)
   : മകനെ നഷ്ടപ്പെടുന്നു (15,11 –17)
   : നഷ്ടമായതിനുവേണ്ടി **കാത്തിരിക്കുന്നു** (15,8)
   : കണ്ടെത്തുന്നു (15,20 –22)
   : മകനെ കണ്ടെത്തിയതിന്റെ സന്തോഷം പങ്കുവയ്ക്കുന്നു (15,22)

*ക്രിസ്തുവിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞ പത്രോസ് റോമിലേയ്ക്ക് തിരിച്ച് പോവുകയും ക്രിസ്തുവിനെ പോലെപ്പോലും മരിക്കാൻ യോഗ്യതയില്ല എന്നു പറഞ്ഞ് തല കീഴായി ക്രൂശിലേറ്റപ്പെടുകയും ചെയ്തു.*

നഷ്ടപ്പെടുന്ന ആടിനെയും നഷ്ടപ്പെടുന്ന നാണയത്തെയും കുറിച്ച് ഏറെ കരുതലുള്ള പിതാവ് അവയെ കണ്ടുകിട്ടുവോളം അന്വേഷിക്കുന്നു. കണ്ടുകിട്ടുമ്പോൾ അതിയായ് സന്തോഷിക്കുകയും ബന്ധുക്കളെയും സുഹൃത്തുക്കളെയും അയൽക്കാരെയും വിളിച്ച് തങ്ങളുടെ സന്തോഷത്തിൽ പങ്കുകാരാക്കുകയും ചെയ്യുന്നു. എന്നാൽ, ആടിനേക്കാളും നാണയത്തെക്കാളും വിലയുള്ള പുത്രനെ നഷ്ടപ്പെടുമ്പോൾ മാത്രം യജമാനൻ അന്വേഷിക്കുകയോ നഷ്ടപ്പെട്ട പുത്രന് വേണ്ടി അലയുകയോ ചെയ്യുന്നില്ല. പകരം, അവന്റെ തിരിച്ച് വരവിന് വേണ്ടി പിതാവ് വഴിക്കണ്ണുമായ് കാത്തിരിക്കുന്നു. ഇത് ഒരു പക്ഷെ മനുഷ്യബുദ്ധിക്ക് ഗ്രാഹ്യമായെന്ന് വരില്ല. പിതാവിനെ ദൈവത്തിന്റെ സ്ഥാനത്ത് നിറുത്തുന്ന ക്രിസ്തുവിന്റെ നീതിബോധം ഇതാണോ എന്ന് നാം ചോദിച്ചേക്കാം. പക്ഷെ, ഒന്ന് ചിന്തിച്ചാൽ പിതാവിന്റെ ദാർശനികത്വം എത്ര സുന്ദരമാണ്. കാരണം, തിരികെ വരാനുള്ള തിരുമാനമെടുക്കാൻകഴിവില്ലാത്ത നാണയത്തെയും ആടിനെയും തേടിപോകുന്നതിൽ തെറ്റില്ല. പക്ഷെ, തിരികെ വരാനും പോകാനും തിരുമാനമെടുക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും കഴിവും സാധ്യതയുമുള്ള മകന്റെ കാര്യത്തിൽ പിതാവ് അവന്റെ സ്വാതന്ത്ര്യത്തെ ബഹുമാനിക്കുകയാണ്. അതുകൊണ്ട് മാത്രമാണ് ഇറങ്ങിപോയ മകന്റെ കാര്യത്തിൽ അവൻ ധൂർത്തപുത്രനായിട്ടും തിരിച്ചു വരാനായ് പിതാവ് വഴികണ്ണുമായ് കാത്തിരിക്കുന്നത്.

അവകാശം സ്വന്തമാക്കിയ മകൻ ദൂർത്തനായ് ജീവിച്ചു. ഇവിടെ "ധൂർത്ത"നായ് എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദം "അസോതോസ് (asothos)" എന്നാണ്. മൂന്ന് പ്രാവിശ്യം പുതിയ നിയമത്തിൽ ഈ പദം ഉപയോഗിക്കുന്നുണ്ട്;

1. എഫേ 5,18 : ഇവിടെ മദ്യപാനത്തെയും ലഹരിയേയും സൂചിപ്പിക്കുന്നു.
2. തീത്തോ 1,6 : കലഹപ്രിയത്തെ സൂചിപ്പിക്കുന്നു.
3. 1പത്രോ 4,3 : വിഗ്രഹാരാധനയെ സൂചിപ്പിക്കുന്നു.

ചുരുക്കത്തിൽ, ഒരുവൻ മദ്യപാനത്തിനും ലഹരിക്കും കലഹത്തിനും വിഗ്രഹാരാധനയ്ക്കും അടിമയാകുമ്പോൾ അവനെ ധൂർത്തനായ് കണക്കാക്കാം. ആത്മപരിശോധന നടത്തുക, "നാം ധൂർത്ത പുത്രനിലേയ്ക്കുള്ള പാതയിലാണോ?"

---

**ഫാ. ജോബി മേനോത്ത്**